(സി) വൈദ്യുതി തകരാറോ പൈപ്പ്‌ലൈൻ തകരാറോ ഉണ്ടായാൽ പട്ടണത്തിൽ ശുദ്ധജലം മുടക്കം കൂടാതെ വിതരണം ചെയ്യുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശുദ്ധജല വിതരണം ചെയ്ത ഇനത്തിൽ മുനിസിപ്പാലിറ്റികളിൽനിന്നും പഞ്ചായത്തുകളിൽനിന്നും മാത്രമായി 23.21 കോടി രൂപ പിരിഞ്ഞുകിട്ടേണ്ടതായിട്ടുണ്ട്. ബാക്കി സ്വകാര്യ ഉപഭോക്താക്കളിൽനിന്നുള്ള കുടിശ്ശികയുടെ കണക്ക് ശേഖരിച്ചു വരുന്നു.

(ബി) വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി, ഡി, ഇ) വൈദ്യുതി തകരാറുമൂലം ശുദ്ധജല വിതരണത്തിന് തടസ്സം നേരിട്ടാൽ മുടക്കംകൂടാതെ വിതരണം ചെയ്യാൻ പ്രത്യേകം സംവിധാനമൊന്നും ഇതുവരെ ഇല്ല. പൈപ്പ്‌ലൈൻ തകരാറുമൂലം ഉണ്ടാകുന്ന തടസ്സങ്ങൾക്ക് കഴിവതും വേഗം അതിന്റെ തകരാറുകൾ തീർക്കുന്നതിനായുള്ള സംവിധാനം ഉണ്ട്. കൂടാതെ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി അതോറിറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതിന് വേണ്ടിയുള്ള സാമ്പത്തിക ബാദ്ധ്യത വളരെ വലുതാകയാൽ പ്രത്യേക സമാഹരണം ആവശ്യമാണ്.

തൃശൂർ ശുദ്ധജല വിതരണത്തിന്റെ രണ്ടാം ഘട്ടം

124 [329] ശ്രീ. കെ.ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ശുദ്ധജലവിതരണത്തിന്റെ രണ്ടാംഘട്ടം പണി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പറയാമോ;

(ബി) ഈ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നായിരുന്നു ആദ്യം ഉദ്ദേശിച്ചിരുന്നത്;

(സി) പണി നീണ്ടുപോകുന്നതിന്റെ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) 1986—ൽ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) 1981—ൽ പൂർത്തിയാക്കാമെന്നാണ് ഉദ്ദേശിച്ചിരുന്നത്.

(സി) പ്രധാന പൈപ്പ്‌ലൈനിന് വേണ്ടിയുള്ള സ്ഥലമെടുപ്പിൽ വന്ന കാലതാമസം, ഫിൽറ്റർ പ്ലാന്റ് പണി ഏറ്റെടുത്ത കരാറുകാരന്റെ വീഴ്ച, സാമ്പത്തിക പരാധീനത എന്നിവയായിരുന്നു പണി നീണ്ടുപോകുന്നതിന്റെ പ്രധാന കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly